LIBRARY ARCHIVES Kerala Legislative Assembly

മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. അനുവദിക്കാൻ നടപടി

35 (742) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. നിലവിലില്ലാത്തത് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു പ്രയാസങ്ങളുണ്ടാക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എച്ച്.സി. അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എം.സി.എച്ച്. യൂണിറ്റ് ചെറുപ്പയിലെ ഫീൽഡ് വിഭാഗം ജീവനക്കാരാണ് മാവൂർ ഗ്രാമപഞ്ചായത്തിലെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആയതിനാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്തതുകൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല.

(ബി) പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

തലശ്ശേരി മണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

36 (743) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) തലശ്ശേരി അഡീഷണൽ തഹസീൽദാരുടെ റിപ്പോർട്ടും സ്കെച്ചും, പ്രസ്തുത ആശുപത്രി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലത്തിന്റെ രൂപരേഖയും ലഭ്യമായിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക്, കോടിയേരി അംശം കറിച്ചി ദേശത്തെ ഏകദേശം 6.5 കോടി മതിപ്പുവില കണക്കാക്കിയുള്ള 3.0538 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, തലശ്ശേരി ജനറൽ ആശുപത്രിയിലെ എച്ച്.എം.സി.-ക്ക്, മേൽ അത്യാവശ്യത്തിലേക്ക് 5 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, എച്ച്.എം.സി. മെമ്പർമാർ ഉൾപ്പെട്ട ഒരു ജനകീയ കമ്മിറ്റി ഇതിന് വേണ്ടി ധനശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ടി ആശുപത്രി നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പതിനാലാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൈറോയ്ഡ് രോഗം

37 (744) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗം വ്യാപകമായി കണ്ടുവരുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) അയഡിൻ ചേർത്ത ഉപ്പ് ഉപയോഗിച്ചിട്ടും തൈറോയ്ഡ് രോഗമുള്ളവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൈറോയ്ഡ് രോഗത്തെ സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) രോഗനിർണ്ണയത്തിനും നിയന്ത്രിക്കുന്നതിനും മതിയായ സൗകര്യങ്ങളില്ലാത്തത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?